കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾ

39 [5880] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്ത് എത്ര കുടുംബശ്രീ സ്വാശ്രയ സംഘങ്ങൾ നിലവിൽ ഉണ്ട്;

(ബി) പ്രസ്തുത സംഘങ്ങളുടെ നിക്ഷേപമെത്ര;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബശ്രീ സംഘങ്ങൾ നിലവിൽ വന്നു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 120,125 അയൽക്കൂട്ടങ്ങൾ ഉണ്ട്.

(ബി) 211.86 കോടി രൂപ.

(സി) 2001-02, 2002-03 എന്നീ രണ്ട് വർഷങ്ങളിലായി 86606 അയൽക്കൂട്ടങ്ങളും, 12355 ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികളും, 991 കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും രൂപീകരിച്ചിട്ടുണ്ട്.

ക്ലീൻ കേരള പദ്ധതിയുടെ വിശദാംശം

40 [5881] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ക്ലീൻ കേരള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ക്ലീൻ കേരള പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുനിരത്തുകൾ വൃത്തിയാക്കുന്നതിന് തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) പൊതുനിരത്തുകളിൽ ബാനർ, ബോർഡ്, കട്ടൗട്ട്, ആർച്ച് എന്നിവ സ്ഥാപിക്കുന്നതിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ലീൻ കേരള പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും 1-4-2003-ൽ ആരംഭിച്ച് 2 വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി എല്ലാ നഗരസഭകളിലും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഖരമാലിന്യ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും, ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും 2003-04 ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ലീൻ കേരള പദ്ധതിയെ സംബന്ധിച്ച് ഓരോ നഗരസഭയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

അനുസൃതമായ ആക്ഷൻ പ്ലാൻ സമർപ്പിക്കുന്നതിനും ഖരമാലിന്യ സംസ്കരണത്തിനാവശ്യമായ ലാന്റ് ഫിൽ സൈറ്റ് കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാനും നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറിമാർ, ഹെൽത്ത് ആഫീസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, മുനിസിപ്പൽ കോർപ്പറേഷൻ എഞ്ചിനീയർമാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് മേഖലാതല ട്രെയിനിംഗുകൾ നൽകി കഴിഞ്ഞു. എല്ലാ നഗരസഭകളിലും രാത്രികാല ശുചീകരണവും തിരുവനന്തപുരത്തെയും കൊച്ചിയിലേയും തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിൽ ഡോർ ടു ഡോർ കളക്ഷനും ഏർപ്പെടുത്തിയിട്ടുണ്ട്.

ക്ലീൻ കേരള പദ്ധതിയുടെ നടത്തിപ്പിനായി പൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ നഗരസഭകളിലും പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റും (പി.പി.യു.) മുനിസിപ്പൽ ലവൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എല്ലാ നഗരസഭകളിലും പ്രധാന മേഖലകളിൽ രാത്രികാല ശുചീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതക്ക് ഇരുവശവുമുള്ള നിരത്തുകൾ വൃത്തിയാക്കുന്നതിന്റെ ഭാഗമായി ദേശീയ പാത കടന്നുപോകുന്ന ഭാഗം ഉൾപ്പെടുന്ന നഗരസഭ, ഗ്രാമപഞ്ചായത്തുകളിലും രാത്രികാലശുചീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി, ഡി) ക്ലീൻ കേരള പദ്ധതിയിൽ ബാനർ, ബോർഡ്, കട്ടൗട്ട്, ആർച്ച് എന്നിവയ്ക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. എങ്കിലും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്ന തരത്തിലുള്ളതോ, നഗരപ്രദേശത്തിന്റെ മനോഹാരിത ഇല്ലാതാക്കുന്ന രീതിയിലുള്ളതോ ആയ പരസ്യങ്ങളും കട്ടൗട്ടുകളും ബാനറുകളും നിയന്ത്രിക്കുന്നതിന് നഗരസഭകൾ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടുതൽ ശക്തമാക്കാനും ഉദ്ദേശമുണ്ട്.

ലക്ഷം വീടുകൾ

41 [5882] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ലക്ഷം വീടുകളുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ എത്രയെണ്ണം ഒറ്റവീടുകളാണ്;

(സി) ഇരട്ട വീടുകൾ എത്രയെണ്ണം ഉണ്ട്;

(ഡി) ഇരട്ട വീടുകൾ ഒറ്റവീടുകളാക്കുവാനും ഇരട്ട വീടുകളിൽ താമസിക്കുന്നവരിൽ ഒറ്റ കുടുംബത്തിന് മറ്റൊരു വീട് നൽകുവാനും ഉതകുന്ന തരത്തിലുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly